# Deepika
# 30 July 2018
# Idukki Dam; National Disaster Management Force in Aluva

## ഇടുക്കി ഡാം: ദേശീയ ദുരന്ത നിവാരണ സേന ആലുവയിൽ

കൊച്ചി: ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യം ഉണ്ടായാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി വിവിധ സേനാ വിഭാഗങ്ങളെ സജ്ജമാക്കി സംസ്ഥാന ദുരന്തനിവാരണ അഥാറിറ്റി. ആലുവ യൂത്ത് ഹോസ്റ്റലിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു സംഘം എത്തി. തൃശൂർ, ഇടുക്കി എന്നീ ജില്ലകളിലും ഓരോ സംഘം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

കരസേന, നാവികസേന, വായുസേന, കോസ്റ്റ് ഗാർഡ് എന്നിവ ജാഗരൂകരായി ഇരിക്കാനുള്ള സന്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അഥാറിറ്റിയുടെ നിർദേശപ്രകാരം വായു സേനയുടെ ഒരു എംഐ 17 വി. ഹെലികോപ്ടറും എഎൽഎച്ച് ഹെലികോപ്ടറും സദാ സജ്ജമാണെന്ന് അധികൃതർ പറഞ്ഞു. നാവികസേനയുടേയും കരസേനയുടേയും നാല് സംഘം വീതം ദുരന്തനിവാരണ സാമഗ്രികളുമായി സജ്ജമാണ്. എറണാകുളത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയാൽ വിന്യസിക്കാൻ സജ്ജമായ ചെറു ബോട്ടുകളുമായി കോസ്റ്റ് ഗാർഡ് സംഘമുണ്ട്. നിലവിൽ പരിഭ്രാന്തരാകേണ്ട സാഹചര്യം ഇല്ലെന്നും അതാത് സമയങ്ങളിൽ ആവശ്യമായ നിർദേശം സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി നൽകുമെന്നും അധികൃതർ അറിയിച്ചു.